ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ളവരും ജോലി ലഭിച്ചവരും

96 [3105] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രപേരുടെ വർദ്ധനവ് വന്നിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് എത്ര പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുണ്ടെന്നും എവിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ഡി) വിവിധ ജില്ലകളിലായി എത്ര പേർ ഈ എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്രപേർക്ക് സ്ഥിരം നിയമനം നൽകി; എത്രപേർക്ക് താല്ക്കാലിക നിയമനം നടത്തി; വിശദമാക്കാമോ?

ഉത്തരം

(എ) വിശദവിവരം ചുവടെ ചേർക്കുന്നു.

ജില്ല	*രജിസ്റ്റർ ചെയ്തവരുടെ എണ്ണം*
തിരുവനന്തപുരം	564990
കൊല്ലം	364050
ആലപ്പുഴ	338116
പത്തനംതിട്ട	142065
കോട്ടയം	233349
ഇടുക്കി	118294
എറണാകുളം	368596
തൃശ്ശൂർ	301587
പാലക്കാട്	258694
മലപ്പുറം	226113
കോഴിക്കോട്	341000
വയനാട്	74814
കണ്ണൂർ	217730
കാസർഗോഡ്	89457
ആകെ	3638864

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിശദാംശം ചുവടെ ചേർക്കുന്നു.

ജില്ല	വർഷം 5/2001	നിലവിലുള്ളത്	വ്യത്യാസം
തിരുവനന്തപുരം	600733	564990	35743
കൊല്ലം	500567	364050	136517
ആലപ്പുഴ	379131	338116	41015
പത്തനംതിട്ട	159490	142065	17425
കോട്ടയം	279675	233349	46326
ഇടുക്കി	135205	118294	16911
എറണാകുളം	431449	368596	62853
തൃശ്ശൂർ	364103	301587	62516
പാലക്കാട്	290727	258694	32033
മലപ്പുറം	245792	226113	19679
കോഴിക്കോട്	375980	341000	34980
വയനാട്	86811	74814	11997
കണ്ണൂർ	254304	217739	36565
കാസർഗോഡ്	97327	89457	7870
ആകെ	4201294	3638864	562430

(സി) സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പ്രവർത്തിക്കുന്നു.

(ഡി) വിശദാംശം ചുവടെ ചേർക്കുന്നു:

ജില്ല	രജിസ്റ്റർ ചെയ്തവരുടെ എണ്ണം
തിരുവനന്തപുരം	10845
കൊല്ലം	6060
പത്തനംതിട്ട	2437
ആലപ്പുഴ	3323
എറണാകുളം	6083
ഇടുക്കി	1850
കോട്ടയം	5252
തൃശ്ശൂർ	5201
കോഴിക്കോട്	4909
വയനാട്	748
മലപ്പുറം	2909
കാസർഗോഡ്	1340
പാലക്കാട്	2587
കണ്ണൂർ	3903
ആകെ	58347

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം 6392 പേർക്ക് സ്ഥിരനിയമനവും, 25300 പേർക്ക് താല്ക്കാലിക നിയമനവും നൽകിയിട്ടുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തവർക്ക് സ്വയം തൊഴിൽ പദ്ധതി

97 [3106] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവർക്ക് സ്വയം തൊഴിൽ പദ്ധതിയിലൂടെ എന്തെല്ലാം സഹായങ്ങളാണ് നല്കിവരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) എത്ര രൂപ വരെയുള്ള സ്വയം തൊഴിൽ പദ്ധതികൾക്കാണ് സഹായം നൽകുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തവർക്ക് "കെസ്റു-ഈ" (കേരളാ സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്) എന്ന പേരിൽ നടപ്പിലാക്കി വരുന്ന സ്വയം തൊഴിൽ പദ്ധതി പ്രകാരം അപേക്ഷകൾ സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് അനുസരിച്ച് സാധാരണ ഗതിയിൽ 30,000 രൂപ വരെ ധനകാര്യ സ്ഥാപനങ്ങൾ മുഖേന വായ്പ നൽകി വരുന്നു. ആവശ്യമെന്നുകാണുന്ന പക്ഷം 50,000 രൂപ വരെ വായ്പ തുക ലഭ്യമാക്കുന്നുണ്ട്. ധനകാര്യ സ്ഥാപനങ്ങൾ മുഖേന അനുവദിക്കുന്ന വായ്പാ തുകയുടെ 20% സബ്സിഡിയായി സർക്കാർ നൽകിവരുന്നു.

സീനിയോറിറ്റി ലിസ്റ്റിൽ ക്രമക്കേട്

98 [3107] ശ്രീ. കെ. നാരായണക്കുറുപ്പ്:

,, റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ സീനിയോറിറ്റി ലിസ്റ്റിൽ ക്രമക്കേട് നടത്തി നിയമനങ്ങൾ നടത്തുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലാണ് ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളത്;

(സി) ക്രമക്കേട് നടത്തിയവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കുറ്റമറ്റതാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly